## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.849 30.06.2015-ൽ മറുപടിക്ക്

### വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, ഷാഫി പറമ്പിൽ:<br>,, ആർ . സെൽവരാജ്:<br>,, വി.ഡി.സതീശൻ: | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം; പ്രസ്തുത പദ്ധതികളുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) മറ്റുള്ള വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടതായ അനുമതികൾ സർക്കാർ തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങൾ എടുത്ത് വൻകിട പദ്ധതികൾ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പ്രോജക്റ്റ് അലർട്ട് സിസ്റ്റം (PASK) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജൻറം (JNNURM), UIDSSMT എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്. |
| ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ? | ബി) വേനൽക്കാലങ്ങളിൽ ജലലഭ്യത കുറയുന്ന സ്രോതസ്സുകളിൽ താൽക്കാലിക/സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. ഇത് മൂലം ഒരു പരിധി വരെ കുടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ